# നീരയെ തകർക്കാനുള്ള നീക്കം ചെറുക്കും

കോഴിക്കോട്: നീരയെ തകർക്കാനുള്ള കൃഷി മന്ത്രി കെ പി മോഹനന്റെ നീക്കം ചെറുക്കുമെന്ന് കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇടത്തട്ടുകാരുടെയും മദ്യലോബികളുടെയും ഇടപെടൽ ഇല്ലാതെ നീര സംഭരിച്ച് വിപണനം നടത്താൻ ത്രീ ടയർ സംവിധാനം ഒരുക്കിയതിനു ശേഷമാണ് നാളികേര വികസനബോർഡ് പദ്ധതി സർക്കാരിന് സമർപ്പിച്ചത്. അതുപ്രകാരം നീര സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പത്ത് ജില്ലകളിലെ ഉൽപാദന കമ്പനികൾക്ക് 2013-14ലെ ബജറ്റിൽ 15 കോടി രൂപ നീക്കിവച്ചു. എന്നാൽ ഈ തുക സർക്കാരിന് കോടികളുടെ ബാധ്യത വരുത്തിവച്ച നാളികേര കോർപറേഷന് നൽകാനാണ് കൃഷിവകുപ്പ് ശ്രമിക്കുന്നത്. കർഷകർക്ക് തുച്ഛ വില നൽകി ചെത്ത് കള്ളെടുക്കുന്ന കള്ള് ലോബിയെ സഹായിക്കാനാണ് കൃഷിമന്ത്രി ശ്രമിക്കുന്നത്. വാർത്താസമ്മേളനത്തിൽ പ്രസിഡന്റ് ഷാജഹാൻ കാഞ്ഞിരവിള, നാസർ പൊന്നാട്, സണ്ണി ജോർജ്, ബാബു മത്താത്ത് എന്നിവർ പങ്കെടുത്തു.